# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1420 02.03.2017-ൽ മറുപടിയ്ക്ക്**

**അണക്കെട്ടുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി**

ചോദ്യം
ശ്രീ.എം.ഉമ്മർ

മറുപടി
ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

എ) അണക്കെട്ടുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷം ഡെമോൺസ്ട്രേഷൻ യൂണിറ്റ് ഫോർ ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ് എന്ന പദ്ധതി പ്രകാരം 3 അണക്കെട്ടുകളിൽ കൂടുകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ അണക്കെട്ടുകളിൽ കൂടുകൃഷി സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) പ്രസ്തുത പദ്ധതിക്ക് വനംവകുപ്പിന്റെ അനുമതി ആവശ്യമാണോ; ആയതിനു വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ജലസംഭരണികൾ ഉപയോഗിക്കുന്നതിന് ഫിഷറീസ്-വനം-ജലവിഭവ വകുപ്പിന്റെ ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ബി) & സി) ആവശ്യമാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മത്സ്യകുഞ്ഞ് നിക്ഷേപം നടത്തുന്നതിന് തടസ്സം നേരിട്ട സാഹചര്യത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിന് 20/06/2013 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ട നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം, എന്നിവ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളേയും നെയ്യാർ, ഇടുക്കി, പെരിയാർ, പറമ്പികുളം അണക്കെട്ടുകളിൽ തദ്ദേശീയ മത്സ്യ/ചെമ്മീൻ ഇനങ്ങളേയും നിക്ഷേപിക്കുവാനും കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പേപ്പാറയിൽ തത്ക്കാലം മത്സ്യകുഞ്ഞ് നിക്ഷേപം നടത്തേണ്ടാ യെന്നും തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി നടപ്പാക്കുന്ന അണക്കെട്ടുകളിലെ

മത്സ്യകൃഷിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപള്ളം, തൂണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി പരപ്പാർ (തെന്മല) പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി വിഷയം ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് വനം-ജല വിഭവ വകുപ്പുകളുടെ അധീനതയിലുള്ള റിസർവ്വോയറുകളിൽ മത്സ്യകുഞ്ഞു നിക്ഷേപം നടത്തുന്നതിനും മത്സ്യബന്ധനത്തി നുമുള്ള അധികാരം ഫിഷറീസ് വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനും തീരുമാനിച്ചിട്ടു ണ്ട്.

സെക്ഷൻ ആഫീസർ